പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1733 06.03.2017-ലെ മറുപടിക്ക്

**കെ. എസ്. ആർ. ടി. സി. യ്ക്ക് കൈമാറിയ ബസ് സ്റ്റേഷനുകൾ**

ചോദ്യം

ശ്രീ. അബ്ദുൽ ഹമീദ്. പി

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യ്ക്ക് കൈമാറിയ ബസ് സ്റ്റേഷനുകളോടനുബന്ധിച്ച സർക്കാർ ഭൂമി കയ്യേറാൻ കെ.എസ്.ആർ.ടി.സി എസ്റ്റേറ്റ് വിഭാഗം തന്നെ ഒത്താശ ചെയ്തു കൊടുക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | ഇത്തരത്തിൽ എത്ര ഭൂമി അന്യാധീനപ്പെട്ടുപോയിട്ടുണ്ട് എന്നതിന്റെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഭൂമി അന്യാധീനപ്പെട്ടുപോയിട്ടില്ല. |
| (സി) | അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; അതു സംബന്ധിച്ച് വിശദവിവരം നൽകുമോ? | (സി) | തിരുവനന്തപുരം ജില്ലയിലെ പാച്ചല്ലൂർ സ്ഥലത്തെ 3.5 സെന്റ്, ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി സ്ഥലത്തെ 10 സെന്റ്, വയനാട് ജില്ലയിലെ കൽപ്പറ്റ സ്ഥലത്തെ 36 സെന്റ്, ഇടുക്കി ജില്ലയിലെ ദേവികുളം സ്ഥലത്തെ 20 സെന്റ്, എന്നിവിടങ്ങളിൽ കൈയ്യേറ്റ സാധ്യത ശ്രദ്ധയിൽ പെട്ട വേളകളിൽ തന്നെ കൈയേറ്റം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈയേറ്റ സാധ്യത ഭാവിയിൽ ഉണ്ടാകാതിരിക്കുവാനായി മതിൽ കെട്ടി സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ